പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4867 24/07/2015 ൽ മറുപടിക്ക്

**വൃക്കരോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്**

| ചോദ്യം<br>**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണത്തിൽ വർഷം തോറും ഇരുപത് ശതമാനത്തോളം വർദ്ധനവ് ഉണ്ടാകുന്നുണ്ട്. പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ ജീവിതശൈലി രോഗങ്ങളും, പുകവലി പോലെയുള്ള ദു:ശ്ശീലങ്ങളുമാണ് വൃക്കരോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കാനുള്ള പ്രധാന കാരണം. കിഡ്നി കല്ലുകൾ, അണുബാധ, വേദനസംഹാരികളുടെയും മറ്റ് ചില മരുന്നുകളുടെയും അമിതമായ ഉപയോഗം എന്നിവമൂലവും വൃക്കരോഗങ്ങൾ ഉണ്ടാകുന്നുണ്ട്. |
| (ബി) | ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ബി) | വൃക്കരോഗം വരാതിരിക്കാനുള്ള മാർഗങ്ങളെക്കുറിച്ചും അതിന്റെ ചികിത്സയെക്കുറിച്ചും ശിൽപശാലകളും സെമിനാറുകളും പ്രാഥമികതല ഡോക്ടർമാർക്കായി നടത്തിവരുന്നു. വൃക്കരോഗത്തിലേക്ക് നയിക്കാവുന്ന ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയവ നിയന്ത്രണ വിധേയമാക്കി നിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, വൃക്കരോഗികൾക്ക് രോഗം മൂർച്ഛിക്കാതിരിക്കാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ നൽകുന്നുണ്ട്. കൂടാതെ ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി വഴിയും ജീവിതശൈലി രോഗങ്ങൾ നിയന്ത്രിച്ച് വൃക്കരോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൃക്കരോഗം ബാധിച്ചവർക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നതിനുള്ള സൗകര്യങ്ങളും സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ